പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1061

07.02.2013-ലെ മറുപടിയ്ക്ക്

**ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്ര വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി.യു.കുരുവിള** | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കോതമംഗലം നിയോജക മണ്ഡലത്തിലെ ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വികസന പ്രവർത്തനങ്ങൾക്ക് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഈ ടൂറിസം കേന്ദ്രത്തിൽ ബോട്ടിംഗ്, ഗൈഡ്, പോലിസ് എയ്ഡ് പോസ്റ്റ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന്വ്യക്തമാക്കുമോ? | **(എ)യും (ബി)യും**<br>കോതമംഗലം നിയോജക മണ്ഡലത്തിലെ ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിന്റെ പദ്ധതി നിർവ്വഹണത്തിനായി 7 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂതത്താൻകെട്ട് ബോട്ട് ക്ലബിന്റെ ലാന്റ് സ്കേപ്പിംഗിനായി 2.87 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ